(ഡി) പി.എസ്.സി. ലിസ്റ്റ് തയ്യാറാവുന്നതുവരെ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഡോക്ടർമാരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാമെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെട്ട് കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അധികാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുമുണ്ട്.

വികലാംഗരിൽ നിന്ന് ഫീസ് ഈടാക്കുന്ന നടപടി

161 (3090)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരാകുന്ന വികലാംഗരിൽ നിന്നും 200 രൂപ ഫീസായി ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ നിർദ്ദേശമനുസരിച്ചാണോ വികലാംഗരിൽ നിന്നും ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ നിർദ്ദേശമില്ലാതെയാണ് ഫീസ് ഈടാക്കുന്നതെങ്കിൽ ബന്ധപ്പെട്ടവരുടെ മേൽ നടപടി സ്വീകരിക്കുമോ;

(ഡി) വികലാംഗരിൽ നിന്നും ഈടാക്കുന്ന ഫീസ് എന്താവശ്യത്തിനാണ് വിനിയോഗിക്കുന്നതെന്നും എത്ര വികലാംഗരിൽ നിന്നും ഫീസ് വാങ്ങിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ എം.എ.സി.ടി., ക്ഷേമനിധി ബോർഡുകൾ മുതലായവയിൽ ഹാജരാക്കുന്നതിന് വേണ്ടി മൂന്നംഗ മെഡിക്കൽ ബോർഡിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിന് 200/- രൂപ വീതം ഈടാക്കി വരുന്നുണ്ട്.

(ബി) സർക്കാർ നിർദ്ദേശമനുസരിച്ചാണ്. (സ.ഉ. നം.എം.എസ്.171/98 ആ.കു.വ. തീയതി : 30.6.98)

(സി) ബാധകമല്ല.

(ഡി) 31.3.99 മുതൽ 30.6.99 വരെ സർട്ടിഫിക്കറ്റ് നൽകിയ 50 പേരിൽ നിന്നും 200 രൂപാ നിരക്കിൽ 10,000/- രൂപ വാങ്ങിയിട്ടുണ്ട്. ഈ തുകയിൽ 30.6.'98-ലെ ജി.ഒ. (എം.എസ്.) 171/98 ആ.കു.വ. നിർദ്ദേശപ്രകാരം 25% തുക (രൂപ 2500) സർക്കാരിൽ അടച്ചിട്ടുണ്ട്. ബാക്കി 75% തുക മൂന്നംഗ മെഡിക്കൽ ബോർഡിന് ഫീസിനത്തിൽ തുല്യമായി നൽകിയിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളിലെ ഹെൽത്ത് സബ് സെന്ററുകൾ

163 (3092)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലുള്ള ഹെൽത്ത് സബ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സബ് സെന്ററുകളിൽ ആഴ്ചയിൽ ഒരിക്കൽ ഡോക്ടർമാർ പോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly